ശ്രീ. സി. എച്ച്. മുഹമ്മദുകോയ : എന്റെ അഭിപ്രായത്തിൽ ഏതാണ്ടു് എല്ലാപേരും ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ളതാണു്. കോഴിക്കോടു് സർവകലാശാല തീരുമാനം ചെയ്തു എന്നുള്ളതു തന്നെ ശരിയാണോ എന്നു് അന്വേഷിച്ചതിനു ശേഷം മാത്രമേ പറയാൻ കഴിയൂ. ആ വിവരം കിട്ടിയാൽ ആ വിവരം സഭയ്ക്കു നൽകുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പൊതുവെ ഗവൺമെന്റിന്റെ നയം ഡീറെഗുലേഷൻ സമ്പ്രദായം തുടരാൻ പാടില്ലെന്നുള്ളതാണെന്നു പറഞ്ഞു. കോഴിക്കോട്ടു സിൻഡിക്കേറ്റിന്റെ തീരുമാനം ഇത്തരത്തിൽ ഉണ്ടെങ്കിൽ ഗവൺമെന്റിന്റെ നയത്തിനു് അനുസരിച്ചു് ആ തീരുമാനം തിരുത്താൻ നടപടിയെടുക്കുമോ?

Shri C. H. Mohammed Koya : That is a hypotheticalquestion.

പുതിയ സ്കൂളുകൾ

* 45. (187) ശ്രീ. എം. രാമുണ്ണി
,, കെ. കെ. അബു
,, എൻ. കെ. ബാലകൃഷ്ണൻ
,, എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അടുത്ത സ്കൂൾ വർഷത്തിൽ പുതുതായി വല്ല സ്കൂളുകളും അനുവദിക്കാൻ ഗവൺമെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സ്കൂളുകൾ;

(സി) ഏതെല്ലാം തരത്തിലുള്ള സ്കൂളുകൾ;

(ഡി) ഇതിനു മുൻഗണനാ ലിസ്റ്റു് എങ്ങനെ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു;

(ഇ) സ്വകാര്യ മാനേജുമെന്റു് സ്കൂളുകൾ തുടങ്ങാൻ അനുമതി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിനു കാരണമെന്തു് ?

ആഭ്യന്തരവും വിദ്യാഭ്യാസവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ 13-1-1970-ലെ 46-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ (എ) ഭാഗത്തേയ്ക്കു ക്ഷണിച്ചുകൊള്ളുന്നു.

(ബി), (സി), (ഡി), (ഇ) ഉദിക്കുന്നില്ല.

ശ്രീ. എം. രാമുണ്ണി: ഭരണകക്ഷിയുടെ കോഓപ്പനസമിതി കൂടിയിട്ടു് പുതിയ സ്കൂളുകൾ ആരെങ്കിൽ കൊടുക്കുന്ന സ്കൂളുകൾ എല്ലാംതന്നെ സ്വകാര്യമേഖലയ്ക്കു കൊടുക്കണമെന്നു പ്രമേയം പാസാക്കിയതായി പത്രത്തിൽ കണ്ടു. അതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ വല്ല നയവും ഗവൺമെന്റാവിഷ്കരിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ വിവരം അവാസ്തവമാണെന്നും പത്രത്തിലുണ്ടായിരുന്നു അതു ബഹുമാനപ്പെട്ട മെമ്പർ വായിച്ചിട്ടുണ്ടായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. രാജൻ: പുതിയ സ്കൂളുകൾ തുടങ്ങുമ്പോൾ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മേഖലകൾക്ക് മുൻഗണന കൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്കൂളുകൾ അനുവദിക്കുകയാണെങ്കിൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മേഖലകൾക്ക് മുൻഗണന നൽകുകയെന്നുള്ളതാണ് ഗവൺമെൻറ് കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടർന്നുവരുന്ന നയം.

ശ്രീ. കെ. ടി. ജോർജ്: ഇന്നു നിലവിലുള്ള പല റക്കഗ്നൈസ്ഡ് സ്കൂളുകളും സാമ്പത്തികമായ പരാധീനതകൾ നിമിത്തം നിർത്തിക്കളയാൻ തീരുമാനിച്ചിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ കുട്ടികളെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന പ്രദേശങ്ങളിലെങ്കിലും പ്രത്യേക പരിഗണന നൽകി ആ സ്കൂളുകൾക്ക് ഗ്രാൻറു നൽകാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എല്ലാ റക്കഗ്നൈസ്ഡ് സ്കൂളുകളെ സംബന്ധിച്ചും എയിഡഡ് സ്കൂളുകൾ എന്നുള്ള നിലയിൽ ഗ്രാൻറ് നൽകുക എന്ന നയം സ്വീകരിക്കാൻ ഒക്കുകയില്ല. റക്കഗ്നൈസ്ഡ് സ്കൂളുകൾ പൂട്ടുകയാണെങ്കിൽ അതുകൊണ്ട് കുട്ടികൾക്കുണ്ടാകുന്ന വിഷമതകളെ സംബന്ധിച്ച കാര്യം തീർച്ചയായും പരിഗണിക്കാം.

ശ്രീ. എൻ. ഐ. ഭാസ്കരൻകുട്ടി: പുതിയ സ്കൂളുകൾ അനുവദിക്കുന്നുണ്ടെങ്കിൽ അതിന്റെ അന്തിമ തീരുമാനം ആകുന്നതിനു മുൻപ് ലിസ്റ്റ് മന്ത്രിസഭയിൽ സമർപ്പിച്ച് അംഗീകാരം തേടുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതെല്ലാം നടപടിക്രമത്തെ സംബന്ധിച്ച കാര്യങ്ങളാണ്. ഇതു ചോദ്യോത്തരവേളയിൽ പറയേണ്ടുന്ന പ്രശ്നമല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇന്നു പ്രൈവറ്റ് സ്കൂളുകളിൽ ജോലി കിട്ടണമെങ്കിൽ മൂവായിരവും അയ്യായിരവും രൂപ കൈക്കൂലി കൊടുക്കണമെന്നുള്ളതു പരിഗണിച്ച് പുതിയ സ്കൂളുകൾ അനുവദിക്കുമ്പോൾ അതു ഗവൺമെൻറുടമയിൽ തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതിന്റെ ഒരു വശം മാത്രമാണ് ബഹുമാനപ്പെട്ട കൃഷ്ണൻ പറഞ്ഞത്. ചില സ്ഥലങ്ങളിൽ സ്കൂളുകൾ ഉണ്ടാക്കാൻവേണ്ടി പൊതുജനങ്ങളുടെ കമ്മിറ്റികളോ സമിതികളോ വരുമ്പോൾ അതിനെ സംബന്ധിച്ച് ആലോചിക്കേണ്ടതായ ചില പരിതസ്ഥിതി വന്നുചേരും. കെട്ടിടങ്ങളുടെയും കാര്യത്തിൽ ഇപ്പോൾ നിലവിലുള്ള സ്കൂളുകളുടെ കാര്യംതന്നെ ഒരു പ്രശ്നമാണ്. അതുകൊണ്ട് ഏതെങ്കിലും ഒരു മേഖലയിൽ മാത്രം തുടങ്ങുമെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് അന്തിമമായി ഒരു തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: പുതിയ സ്കൂളുകൾ തുടങ്ങുന്നതിന് ഒരു മാനദണ്ഡം, ഡിപ്പാർട്ടുമെൻറുതന്നെ നേരിട്ടു നടത്തുന്ന ഒരു സർവ്വേയുടെ അടിസ്ഥാനത്തിലായിരിക്കുമെന്ന് ഇതിനുമുൻപ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി പറയുകയുണ്ടായി. ആ നയംതന്നെയാണോ തുടരുന്നത്, അതനുസരിച്ചുള്ള റിപ്പോർട്ടു ശേഖരിക്കൽ വല്ലതും നടന്നിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഡിപ്പാർട്ടുമെന്റു തയ്യാറാക്കുന്ന ഒരു സർവ്വേകൂടി പരിഗണിച്ചുകൊണ്ടു മാത്രമേ സ്കൂളുകൾ അനുവദിക്കാൻ പാടുള്ളു. അല്ലെങ്കിൽ ചില സ്ഥലത്തു പുതിയ സ്കൂളുകൾ അനുവദിച്ചാൽ അടുത്തുള്ള സ്കൂളുകളിൽ ഡിവിഷൻ കുറയും ഉണ്ടാകും. അതുകൊണ്ട് ഡിപ്പാർട്ടുമെന്റു വകയായി ഒരു സർവ്വേ നടത്തുന്നുണ്ട്. മുൻപ് എടുത്ത ഒരു സർവ്വേയിൽ വല്ല കൂട്ടിച്ചേർക്കലോ അതിനെ സംബന്ധിച്ചിടത്തോളം ഒരു പുതിയ പരിശോധനയോ ആവശ്യമാണോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഒരു വർഷത്തിനുമുൻപ് പുതിയ സ്കൂളുകൾ അനുവദിച്ചതുകൊണ്ട് ഡിവിഷൻ കുറയും ഉണ്ടാകുകയും അനേകം അദ്ധ്യാപകർക്ക് തൊഴിലില്ലാതെ പുറത്തുപോകേണ്ടി വരികയും ചെയ്ത സന്ദർഭം കണക്കിലെടുത്തുകൊണ്ട് പുതിയ സ്കൂളുകൾ അനുവദിക്കാതിരിക്കുക എന്ന നയം ഗവൺമെന്റു സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുതിയ സ്കൂളുകൾ അനുവദിക്കാതിരിക്കുകയെന്ന നയം ഇക്കാരണംകൊണ്ടു മാത്രം സ്വീകരിക്കുന്നതു ശരിയായിരിക്കയില്ല. വളരെ ദൂരം പോയി വിദ്യാർത്ഥികൾ പഠിക്കേണ്ട പ്രശ്നം വരും. അങ്ങനെയാണെങ്കിൽ ആരും പഠിക്കേണ്ട എന്ന നില വരും. ഈ നിയമം തന്നെ അങ്ങനെയൊരു നയത്തിനെതിരായിരിക്കും. ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രസേനൻ പറഞ്ഞത് വളരെ ഗൗരവമായ സംഗതിതന്നെ. അതെങ്ങനെ പരിഹരിക്കാമെന്ന് ഗവൺമെന്റ് ആലോചിക്കാം. തലവേദന ഇല്ലാതാക്കാൻ തലയെടുത്തുകളയാൻ പറ്റുകില്ലല്ലോ.

ശ്രീ. ഏ. കെ. അപ്പു: പുതിയ സ്കൂളുകൾ അനുവദിക്കുമ്പോൾ നാട്ടുകാർ വേണ്ടതെല്ലാം ചെയ്തുകൊണ്ട് മുമ്പോട്ടു വരികയാണെങ്കിൽ ഗവൺമെന്റു സ്കൂളുകൾ മാത്രമേ അനുവദിക്കുകയുള്ളു എന്നു തീരുമാനിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നാട്ടുകാർ എല്ലാ കാര്യങ്ങളും വേണ്ടതുപോലെ ചെയ്യുകയാണെങ്കിൽ ഗവൺമെന്റു സ്കൂളുകൾ അനുവദിച്ചു കൊടുക്കാമെന്ന് ഗവൺമെന്റ് നേരത്തെ തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ നാട്ടുകാർ കെട്ടിടം കൊടുക്കാമെന്നും അങ്ങനെ കെട്ടിടം തന്നില്ലെങ്കിൽ റവന്യൂ റിക്കവറി ആക്ടു നടപടി പ്രകാരം നടപടിയെടുത്തുകൊള്ളുക എന്നും എഴുതി തന്നതിനുശേഷം, കെട്ടിടം തന്നില്ലെങ്കിൽ സ്കൂളുകൾക്ക് അനുവാദം കൊടുക്കുകയില്ലെന്നു നിബന്ധന വച്ചതിനുശേഷവും സ്കൂളുകളെ സംബന്ധിച്ച വാഗ്ദാനങ്ങൾ അനാഥങ്ങളായിപ്പോയ അനേകം സംഭവങ്ങളുണ്ട്. അതിന്റെ വെളിച്ചത്തിൽ ഖണ്ഡിതമായ ഒരു തീരുമാനമെടുക്കാൻ കഴിയുകയില്ല. കഴിയുന്നിടത്തോളം അതു പരിഗണിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. ഏ. കെ. അപ്പു: മുൻകൂറായി ആവശ്യമുള്ള സ്ഥലവും ഗഡുവായി കുറെ സംഖ്യയും കിട്ടിയാൽ പ്രൈവറ്റ് സ്കൂളിനുള്ള അപേക്ഷയും ഗവൺമെന്റ് സ്കൂളിനുള്ള അപേക്ഷയുമുണ്ടായാൽ ഗവൺമെന്റ് സ്കൂളിനുള്ള അപേക്ഷ സ്വീകരിക്കുമെന്നുള്ള ഉറപ്പു നൽകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുൻകൂറായി ആരും കെട്ടിടം തന്നിട്ടില്ല. തരാമെന്നു പറഞ്ഞതുപോലും തന്നിട്ടില്ല. മുൻകൂർ തന്നാൽ തീർച്ചയായും പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കഴിഞ്ഞ വർഷം പുതിയ സ്കൂളുകളും അനുവദിച്ചപ്പോഴും പുതിയ സ്കൂളുകളും അനുവദിക്കുന്നതുകൊണ്ട് സമീപമുള്ള ഏതെങ്കിലും സ്കൂളുകളിലെ അധ്യാപകർക്ക് ജോലി നിഷേധിക്കപ്പെടുന്ന സ്ഥിതിവിശേഷം വന്നതിനു അവർക്കു പുതിയ സ്കൂളുകളിൽ ജോലി നൽകേണ്ടതാണെന്ന് ഒരു വ്യവസ്ഥ അന്നത്തെ പരസ്യത്തിലും എല്ലാം ഉണ്ടായിരുന്നു. ആ വ്യവസ്ഥയനുസരിച്ച് ജോലി നൽകാൻ തയ്യാറാകാതിരുന്നിട്ടുള്ള മാനേജുമെൻറുകളുടെ മേൽ നടപടിയെടുക്കാൻ എന്തെങ്കിലും നടപടി ഗവൺമെൻറു സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കഴിഞ്ഞകൊല്ലമല്ല. മുമ്പിലത്തെ കൊല്ലങ്ങളിൽ സ്കൂളുകളും അനുവദിച്ചപ്പോഴും ആ വ്യവസ്ഥകളും ഒന്നാമത്തെ വർഷം മിക്കവാറും മാനേജുമെൻറുകളും പാലിച്ചിട്ടുണ്ട്. ഒന്നോ രണ്ടോ മാനേജുമെൻറുകളും പാലിച്ചിട്ടില്ലെങ്കിൽ നടപടിയെടുക്കുന്ന കാര്യം ആലോചിക്കാം. കഴിഞ്ഞവർഷം ഡിവിഷൻഫോളുണ്ടായിയെന്ന് ബഹുമാനപ്പെട്ട ചന്ദ്രസേനനും പല മെമ്പറൻമാരും ഇവിടെ പറഞ്ഞിട്ടുള്ളത് കഴിഞ്ഞവർഷം സ്കൂളുകൾ അനുവദിച്ചതിൻെറ ഫലമായിട്ടല്ല. വളരെക്കാലം മുമ്പ് സ്കൂളുകളും അനുവദിച്ചതിൻെറ ഫലമായിട്ട്, ദീർഘകാലമായിട്ട് ഉണ്ടായ ഒരു പ്രക്രിയയുടെ ഫലമായിട്ടും, വേറെ പല കാരണങ്ങളാലും ആണ് ബഹുമാനപ്പെട്ട ചന്ദ്രസേനൻ പറഞ്ഞ സ്ഥിതി ഉണ്ടായിട്ടുള്ളത്. കൊല്ലം ജില്ലയിലാണ് ഡിവിഷൻഫാം പ്രധാനമായും ഉണ്ടായിട്ടുള്ളത്.

ശ്രീ. കെ. കെ. അബു: കഴിഞ്ഞതവണ സ്കൂളുകളും അനുവദിച്ചകാലത്ത് വളരെ അത്യാവശ്യമായിട്ടും സ്കൂളുകളും ആവശ്യമായിട്ടുള്ള സ്ഥലങ്ങളും വിട്ടുപോയിട്ടുണ്ട്. ആ സ്ഥലങ്ങളുടെ കാര്യം ഈ അവസരത്തിൽ പരിഗണനയ്ക്കെടുക്കുമോ ? ഉദാഹരണത്തിന് മാടായിയിൽ നാലു മൈലിനടുത്ത് സ്കൂളുകളൊന്നുമില്ല. ആ സ്ഥലത്തിൻെറ കാര്യം പരിഗണിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വളരെയധികം സ്ഥലങ്ങളും വിട്ടുപോയിട്ടുണ്ട്. ഈ കൊല്ലവും എല്ലാ സ്കൂളുകളും അനുവദിക്കാൻ സാധിക്കുകയില്ല. പുതിയ സ്കൂളുകളും അനുവദിക്കുമ്പോഴും ഏറ്റവും അത്യാവശ്യമായിട്ടുള്ള സ്ഥലത്ത് ഒന്നാമത്തെ സ്കൂളും അതിൻെറ അടുത്ത അത്യാവശ്യമുള്ള സ്ഥലത്ത് രണ്ടാമത്തെ സ്കൂളും ഇങ്ങനെ അനുവദിക്കുന്നതാണ്. ഈ പറയുന്ന സ്ഥലവും ആ പരിഗണനയിൽ വരുമെങ്കിൽ ഇവിടെയും അനുവദിക്കും.

ശ്രീ. എം. സദാശിവൻ: കഴിഞ്ഞവർഷം സ്കൂൾ അനുവദിച്ചപ്പോൾ അതിൻെറ പേരിൽ പല സമരങ്ങളും നടക്കുകയുണ്ടായി. അന്നും ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇതിൻെറ വകുപ്പുമന്ത്രിയായിരുന്നു. അന്ന് ബാലരാമപുരത്ത് ഉജ്ജ്വലമായി ഒരു സമരം നടന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഒരു കാൺഫറൻസിൽവച്ച് ഗവൺമെൻറുഭാഗത്തുനിന്നും പറഞ്ഞത് ഇപ്പോൾ എടുത്ത തീരുമാനം പുനഃപരിശോധിക്കാൻ ഇപ്പോൾ സാധ്യമല്ലെന്നാണ്. ആ സ്ഥിതിക്ക് ഇനിയെങ്കിലും ആ സ്കൂളിൻെറ കാര്യം ആലോചിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്കൂളുകളും അനുവദിക്കുന്നതിനെ സംബന്ധിച്ച് ഒരു തീരുമാനമെടുത്തുകഴിഞ്ഞിട്ടില്ല. ആ തീരുമാനമെടുക്കുന്നതിനു മുമ്പ് ഒരു പ്രത്യേക സ്കൂൾ അനുവദിക്കാമെന്ന് പറയുന്നത് ശരിയല്ല. എന്നാലും ബാലരാമപുരത്ത് ഒരു സ്കൂൾ അനുവദിക്കുന്നതിനുവേണ്ടി സമരം നടക്കുകയുണ്ടായി. അതിൻെറ അടുത്ത് ഒരു സ്കൂളുകൂടിയുണ്ട്. അവിടെ ഡിവിഷൻഫാം ഉണ്ടാകും. രണ്ടുഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കേട്ടതിനു ശേഷമാണ് തൽക്കാലത്തെയ്ക്ക് അതു മാറ്റിവയ്ക്കാൻ തീരുമാനിച്ചത്. സ്കൂളുകൾ അനുവദിക്കുമ്പോൾ ആ സ്കൂളിനു വേണ്ടിയുള്ള നിർദ്ദേശവും അതിന്റെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേന്ദ്രഗവൺമെന്റിന്റെ സർവ്വെ റിപ്പോർട്ട് മുഖ്യമായി എടുക്കുകയില്ലെന്നു അങ്ങു പറഞ്ഞതായിട്ടാണ് എനിക്കു തോന്നിയത്. ശ്രീ. കുര്യന്റെ ചോദ്യത്തിനു മറുപടിയായി ഇടയ്ക്കിടെ സ്കൂൾ അനുവദിക്കുന്നതിൽ ഉണ്ടാകുന്ന അഴിമതിയും ആക്ഷേപങ്ങളും ഒഴിവാക്കാൻ വേണ്ടിയാണ് സർവ്വേറിപ്പോർട്ട് ആധാരമാക്കി അനുവദിക്കാൻ തീരുമാനിച്ചത്. അത് ആധാരമാക്കി അനുവദിക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശ്രീ. കുര്യന്റെ ചോദ്യത്തിനുള്ള എന്റെ മറുപടിയിൽ ബഹുമാനപ്പെട്ട രാമകൃഷ്ണൻ മനസിലാക്കിയതാണ് അതു. കേരള ഗവൺമെന്റു തന്നെയാണ് ഈ സർവ്വെ നടത്തിയത്. സർവ്വെ റിപ്പോർട്ട് അനുസരിച്ചു നടപടിയെടുക്കുകയില്ലെന്നു ഞാൻ പറഞ്ഞില്ല. ഉദ്യോഗസ്ഥൻമാരുടെ സർവ്വെ മാത്രമായിരിക്കും അതിൽ ഉള്ളത്. അതുമാത്രം കണക്കിലെടുത്തുകൊണ്ട് അനുവദിക്കുന്നതു ശരിയല്ല എന്നേ പറഞ്ഞുള്ളൂ. ഡി. ഡി. സി. യുടെ അഭിപ്രായങ്ങളും പരിഗണിക്കും. ഇതിനു ആധാരം സർവ്വെ തന്നെയായിരിക്കും.

ശ്രീ. വി. വി. കുഞ്ഞാമ്പു: സ്കൂളുകൾ സ്ഥാപിക്കുമ്പോൾ അതാതു ജില്ലാ വികസന സമിതികളെ നൽകുന്ന ശുപാർശ പരിഗണിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശുപാർശമാത്രം അനുസരിച്ചു ചെയ്യാൻ പറ്റുകയില്ല. സർവ്വെറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ വികസനസമിതിയോടുകൂടി ആലോചിച്ചുകൊണ്ടായിരിക്കും ചെയ്യുക.

ശ്രീ. എസ്. ദാമോദരൻ: കഴിഞ്ഞ പ്രാവശ്യം സ്കൂളുകൾ അനുവദിച്ച അവസരത്തിൽ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്തോ കാരണത്താൽ അനുവദിക്കാതിരുന്നതുമായിട്ടുള്ള സ്കൂളുകളുടെ കാര്യത്തിൽ പ്രത്യേക പരിഗണന കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ ഉറപ്പു നൽകാൻ സാധ്യമല്ല. ഇനി സ്കൂൾ അനുവദിക്കുമ്പോൾ അന്നത്തെ പരിതസ്ഥിതിയനുസരിച്ച് സർവ്വെയും ശുപാർശയും എല്ലാം കണക്കിലെടുത്ത് വേണ്ടതു ചെയ്യാം.

കേരളാ ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം

* 46. [133] ശ്രീ. സി. എം. കുട്ടി:

,, എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞോ;

(ബി) ഇതിന്റെ ആവശ്യത്തിനു ഗവൺമെന്റ് ഖജനാവിൽ നിന്നു എത്ര രൂപാ വകയിരുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ചെയർമാനായി ഒരു മുൻ മന്ത്രിയെ ഗവൺമെന്റ് നിയമിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly